# 'മന്നംജയന്തിദിനാചരണം'
# 02.01.2022

കോവിഡ് നിയന്ത്രണങ്ങൾ പൂർണ്ണമായും പിൻവലിക്കാത്ത സാഹചര്യത്തിൽ, 2022 ജനുവരി 1, 2 തീയതികളിൽ നടക്കേണ്ടതായ മന്നംജയന്തി ആഘോഷങ്ങൾ വേണ്ടെന്നു വച്ചിരിക്കുകയാണ്. പകരം അദ്ദേഹത്തിന്റെ 145-ാമത് ജന്മദിനമായ ജനുവരി 2 ഞായറാഴ്ച, 'ജന്മദിനാചരണം' ആയി നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. പതിവുപോലെ നടത്തിവരാറുള്ള സമ്മേളനത്തിലും ആഘോഷങ്ങളിലും പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തുക എന്നത് അസാധ്യമായ സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനത്തിൽ എത്തേണ്ടിവന്നത്.



ആയതിനാൽ, മന്നംസമാധിമണ്ഡപത്തിലും സംസ്ഥാനമൊട്ടുക്കുള്ള താലൂക്ക് യൂണിയനുകളിലും കരയോഗങ്ങളിലും കോവിഡ് നിബന്ധനകൾ പാലിച്ചുകൊണ്ട്, അന്നേദിവസം ഈ ആചരണം നടക്കണമെന്നുള്ളതാണ് തീരുമാനം.

മന്നംസമാധിമണ്ഡപം എന്നപോലെ, താലൂക്ക് യൂണിയൻ മന്ദിരങ്ങളും കരയോഗമന്ദിരങ്ങളും പരിസരവും വൃത്തിയാക്കി, അന്നേദിവസം രാവിലെ 11 മണിക്ക് സമുദായാചാര്യന്റെ ചിത്രത്തിനു മുമ്പിൽ നിലവിളക്കു കൊളുത്തി, പുഷ്പാർച്ചന നടത്തി അദ്ദേഹത്തെ ആദരിക്കുക എന്നതാണ് ഈ ആചരണംകൊണ്ട് ഉദ്ദേശിക്കുന്നത്.

കർമ്മനിരതവും നിസ്വാർത്ഥവുമായ സേവനത്തിലൂടെ നായർസമുദായത്തെ സമുദ്ധരിക്കുകയും, മഹത്തായ നായർ സർവീസ് സൊസൈറ്റി പടുത്തുയർത്തി സമുദായത്തിനും രാജ്യത്തിനും വേണ്ടി സമർപ്പിക്കുകയും മാത്രമല്ല, പൊതുജീവിതത്തിൽ തന്റെ നിഷ്കാമകർമ്മംകൊണ്ട് സമുന്നതവും സമാരാധ്യവുമായ സ്ഥാനം കൈവരിച്ച് കേരളത്തിന്റെ ചരിത്രത്തിൽ സമസ്തമേഖലയിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത കർമ്മയോഗിയാണ് അഭിവന്ദ്യ സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ. നായർസമുദായത്തിന്റെയും സർവീസ് സൊസൈറ്റിയുടെയും പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളോടൊപ്പം, സാമൂഹിക അസമത്വങ്ങൾക്കെതിരെ പോരാടുകയും രാജ്യത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കു വേണ്ടി ജീവിതാവസാനംവരെ അക്ഷീണം പരിശ്രമിക്കുകയും ചെയ്ത ആ ധന്യമായ ജീവിതത്തെയും പ്രവർത്തനങ്ങളെയും ആദരപൂർവ്വം സ്മരിക്കാനുള്ള അവസരമാണ് ഓരോ മന്നം ജയന്തിയും.